13799
6/9/16

**കേരള സർക്കാർ**

സാമൂഹ്യനീതി വകുപ്പ്- കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(എം.എസ്)നം.46/2016/സാനീവ                    തീയതി, തിരുവനന്തപുരം, 5.9.2016.

പരാമർശം: തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11.11.2014 തീയതിയിലെ ഫിൻ 8/75675/2014 നമ്പർ കത്ത്

## ഉത്തരവ്

ശിശുക്കളുടെ ക്ഷേമവും താൽപര്യവും മുൻനിർത്തി പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ നടക്കുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് അവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ഫിനാൻസ് ഓഫീസറെ നിയമിക്കണമെന്ന് സമിതിയുടെ അഡ്മിനിസ്ട്രേറ്റർ കൂടിയായ ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ കത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ഒരു ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനും ടി തസ്തികയിലേക്ക് ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**
ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WW1/130/2016-FIN പ്രകാരം)
പൊതുഭരണ ( എസ്. സി) വകുപ്പ്
ഇൻഫർമേഷൻ ആൻറ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2016.

8425585

ഫയൽ നം.1350/സി2/2016/സാ.നീ.വ. ഇനം നം: 261

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്ന് അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്. ശിശുക്കളുടെ ക്ഷേമവും താൽപര്യവും മുൻനിർത്തി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ശിശുക്ഷേമ സമിതി. എല്ലാ വർഷവും ശിശുദിനത്തോടനുബന്ധിച്ച് ലക്ഷങ്ങൾ വിലവരുന്ന ശിശുദിന സ്റ്റാമ്പ് അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സമിതിക്ക് സർക്കാരിൽ നിന്നും അനുമതി നൽകി വരുന്നു. നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മാത്രമുള്ള സമിതിയിൽ സ്റ്റാമ്പ് വിൽപ്പനയുടെ കണക്കുകൾ പരിശോധിക്കുന്നത് ശ്രമകരമായ കാര്യമാണ്. സമിതിയിൽ നടക്കുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് അവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ഫിനാൻസ് ഓഫീസറെ നിയമിക്കണമെന്ന് സമിതിയുടെ അഡ്മിനിസ്ട്രേറ്റർ കൂടിയായ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. കൂടാതെ സമിതിയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു:

*"Administrative Department is requested to submit a separate proposal for appointing a competent officer from Finance Secretariat to the post of Administrative cum Accounts Officer."*

2) ഈ വസ്തുതകൾ പരിശോധിച്ച് കേരള സംസ്ഥാന ശിശുക്ഷേമസമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള അനുമതിക്കായി ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു. മുൻ മുഖ്യമന്ത്രി അത് അംഗീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് മന്ത്രിസഭായോഗതീരുമാനത്തിനായി കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ തുടർ നടപടിയെടുത്തിരുന്നില്ല. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ വീണ്ടും അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ഭരണ വകുപ്പിന്റെ ശ്രദ്ധ കുറിപ്പ് ഫയൽ ഖണ്ഡിക (13)ലേയ്ക്ക് ക്ഷണിക്കുന്നു. കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെ ഫിനാൻസ് ഓഫീസറായി നിയമിക്കുന്നതിനുള്ള ശുപാർശ പുതിയ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

3) ആയതിനാൽ കേരള സംസ്ഥാന ശിശുക്ഷേമസമിതിയിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള അനുമതിക്കായി മന്ത്രിസഭാ യോഗ തീരുമാനത്തിന് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്ന് ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകാമോ?